| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | ജി യു പി സ്കൂൾ കോട്ടിക്കുളം |
| 2 | വിലാസം | പാലക്കുന്ന് , ബേക്കൽ പോസ്റ്റ്<br>കാസറഗോഡ് -671318 വിലാസം |
| 3 | സ്കൂൾ കോഡ് | 12240 |
| 4 | ഫോൺ നമ്പർ | 0467 |
| 5 | ഇമെയിൽ ഐഡി | gupschoolkottikulam@gmail.com |
| 6 | ക്ലാസ് | 1 മുതൽ 7 വരെ |
| 7 | ആൺകുട്ടികൾ / പെൺകുട്ടികൾ /രണ്ടും കൂടിയുള്ളത് | രണ്ടും കൂടിയുള്ളത് |
| 8 | വിദ്യാഭ്യാസ ഉപജില്ല | ബേക്കൽ |
| 9 | വിദ്യാഭ്യാസ ജില്ല | കാഞ്ഞങ്ങാട് |
| 10 | സ്കൂൾ സ്ഥാപിച്ച വർഷം | 1906 |
| 11 | അസംബ്ലി നിയോജക മണ്ഡലം | ഉദുമ |
| 12 | പാർലമെന്റ് നിയോജക മണ്ഡലം | കാസറഗോഡ് |
| 13 | റൂറൽ /അർബൻ | റൂറൽ |
| 14 | ബ്ലോക്ക് | കാഞ്ഞങ്ങാട് |
| 15 | താലൂക്ക് | ഹൊസ്ദുർഗ് |
| 16 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | പഞ്ചായത്ത് |

# ചരിത്രം

മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായി തെക്കൻ കർണാടക ജില്ലാ ബോർഡ് പണികഴിപ്പിച്ച ഓടിട്ട ഒറ്റനില കെട്ടിടവും 45 വിദ്യാർത്ഥികളും ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള പ്രാഥമിക വിദ്യാലയം അന്നത്തെ മദ്രാസ് പാർലമെന്റ് സെന്റർ മെമ്പറായ ഖാൻ ബഹാദൂർ മുഹമ്മദലി ഷംനാട് ഉദ്ഘാടനം ചെയ്തു

കാലങ്ങൾക്ക് ശേഷം വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ എണ്ണം കൂടിയ നിമിത്തം രണ്ട് ഓലമേഞ്ഞ ഷെഡുകൾ നിലവിൽ വന്നു. ഇതിനിടയിൽ 1962 ൽ യുപി സ്കൂളായി ഉയർത്തപ്പെട്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത അതുപോലെ തന്നെ തുടർന്നു. സ്കൂളിന് തൊട്ടടുത്ത് പ്രവർത്തിച്ചിരുന്ന നൂറൽഹുദാ മദ്രസയുടെ കെട്ടിടങ്ങളാണ് സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് സൗകര്യം ഒരുക്കിയത്. അതോടൊപ്പം അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിന്റെ ആദ്യ ബാച്ച് 1964 ൽ പുറത്തുവന്നു. ആദ്യകാല പ്രധാന അധ്യാപകരായി ഈ കൃഷ്ണൻ നായർ,മുത്തു മാസ്റ്റർ, അക്ബർ മാസ്റ്റർ, അമ്പുമാസ്റ്റർ, വി രാമൻ മാസ്റ്റർ എന്നിവർ ഇവിടെ സേവനമനുഷ്ഠിച്ചിരുന്നു. ഈ സ്കൂളിൽ വർഷങ്ങളോളം സേവനമനുഷ്ഠിച്ച പ്രധാന അധ്യാപകരായ കരുണാകരൻ മാസ്റ്ററും അബ്ദുൽ റഹ്മാൻ മാസ്റ്ററും ഇവർക്ക് പുറമേ ദേവി ടീച്ചർ, തമ്പാൻ മാസ്റ്റർ,അബ്ദുള്ള മാസ്റ്റർ, ദിവാകരൻ മാസ്റ്റർ, കല്യാണ ടീച്ചർ പഠിപ്പിച്ചതിന്റെയും നല്ല നാളുകളെ അയവിറക്കി ഇന്നും നാട്ടുകാരായി നമുക്കിടയിൽ ഉണ്ട്. 1970 ൽ കേരളത്തിൽ ആദ്യമായി ബാല കലോത്സവം എന്ന പേരിൽ കുട്ടികളുടെ കലാസാഹിത്യമത്സര എക്സിബിഷൻ മേളയും ജനങ്ങൾക്കിടയിൽ വിസ്മയം ആയിരുന്നു. ഏഷ്യൻ വൻകരയിലെ ഏറ്റവും വലിയ കലാമാമാങ്കമായ സംസ്ഥാന യുവജനോത്സവത്തിന്റെ പിറവി ഈ സ്കൂളിലായിരുന്നു എന്നത് ചരിത്ര സത്യമാണ്. കളി സ്ഥലമില്ലാത്ത ഈ സ്കൂൾ തുടർച്ചയായി നാലുവർഷത്തോളം ബേക്കൽ ഉപജില്ല കായികമേളയിൽ ചാമ്പ്യൻഷിപ്പും വ്യക്തിഗത ചാമ്പ്യൻഷിപ്പും നിലനിർത്തിയതും ചിലപ്പോൾ ചരിത്രമായി അവശേഷിക്കാം

## ലക്ഷ്യങ്ങൾ :

1 . സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം അഭിവൃദ്ധിപ്പെടുത്തുക

2 . മുഴുവൻ കുട്ടികൾക്കും വായന , എഴുത്ത്, ഗണിതം , ശാസ്ത്രം , സാമൂഹ്യ ശാസ്ത്രം എന്നിവയിൽ അടിസ്ഥാനശേഷി ഉറപ്പ് വരുത്തുക

3 . ഇംഗ്ലീഷ് ,ഹിന്ദി , അറബി ഭാഷകൾ വായിക്കാനും എഴുതാനും പറയാനും പഠിക്കുക

4. പാഠഭാഗങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യാൻ പാകത്തിൽ പ്രവർത്തനങ്ങൾ സജീവമാക്കുക

5. ശാസ്ത്രബുദ്ധി , സാമൂഹ്യബോധം , മതനിരപേക്ഷത , സഹാനുഭൂതി എന്നിവ ഊട്ടിയുറപ്പിക്കുക

6.കലാസാഹിത്യാഭിരുചി വളർത്തുക

7 . പ്രാദേശിക വിഭവസ്രോതസ്സുകൾ പ്രയോജനപ്പെടുത്തുക

8 . ഐ ടി സാധ്യത പരമാവധി ഉപയോഗിക്കുക

9 , പഠനപിന്നോക്കം , വൈകല്യം എന്നിവയെ മുഖ്യധാരയിൽ ഉൾച്ചേർത്ത് പരിചരിക്കുക

10 . സ്കൂളിന്റെ അക്കാദമിക് അന്തരീക്ഷം മെച്ചപ്പെടുത്തുക

11. പ്രകൃതി സംരക്ഷണ മനോഭാവം വളർത്തുക

.

12. വായനാ പരിപോഷണം നടത്തുക

13 . ശുചിത്വബോധം വളർത്തുക

14 .പഠനയാത്രകളെ പാഠ ഭാഗങ്ങളുമായി ബന്ധിപ്പിക്കുക

15 , സഹകരണ മനോഭാവം വളർത്തുക

# ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഒന്ന്, രണ്ട് ക്ലാസിലെ കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ് ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് . 2025-26 അധ്യയന വർഷത്തിലെ  എല്ലാ കുട്ടികളെയും ഉയർന്ന നിലവാരത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഇതിൽ പ്രധാനം നൽകിയിട്ടുണ്ട് . എൽ.പി .ക്ലാസിലെ പുതിയ പാഠപുസ്തകവും വർക്ക് ബുക്ക് പ്രവർത്തനങ്ങളും ഈ ലക്ഷ്യങ്ങൾ നേടാൻ ഉപകാരപ്പെടുന്ന തന്നെയാണ് . മുഴുവൻ കുട്ടികളെയും സ്വതന്ത്ര രചനകൾ നടത്താൻ കഴിവുള്ളവരാക്കുക എന്നതാണ് നാം മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ.

# മലയാളം( I &II )

| **ലക്ഷ്യം/ മേഖല** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ശ്രവണ ഭാഷണശേഷി വികാസം | മധുരം മലയാളം ടീച്ചറുടെ കഥാവതരണം രക്ഷിതാവിൻറെ അല്ലെങ്കിൽ കൂട്ടുകാരുടെ കഥാവതരണം കേട്ട കഥ ഭാവാത്മകമായി അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് കൂട്ടുകാർ | |
| വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിന് അവ ചെറുസദത്തിന് മുമ്പാകെ താളാത്മകമായി അവതരിപ്പിക്കുന്നതിന്. | പാട്ടരങ്ങ് പാട്ടിന്റെ താളത്തിനൊത്ത് കൈകൾ പൊട്ടുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു. ഒന്നാം ടീമിലെ അഭിനയ സാധ്യതയുള്ള പാട്ടുകളുടെ തിരഞ്ഞെടുപ്പ് ലഘു വാദ്യോപകരണങ്ങളുടെ നിർമ്മാണം എല്ലാവരെയും | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ഉൾപ്പെടുത്തണം.<br>വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിന് അവസരം നൽകുന്നു. | | | |
| സംയുക്ത വായനയിൽ തുടങ്ങിയ ബാലസാഹിത്യകൃതികളുടെ വായനയിൽമികവ് പുലർത്തുക. | വായനോത്സവം<br>ക്ലാസ്സ് ലൈബ്രറി ഒരിക്കൽ സി.പി.ടി.എ. കൂടുന്നു സംയുക്ത വായന പരിചയപ്പെടുത്തൽ<br>അമ്മ വായിച്ച കഥ ക്ലാസ് ഗ്രൂപ്പിലും, ക്ലാസിലും അവതരിപ്പിക്കൽ . (അമ്മ, ടീച്ചർ വായിച്ചതിന്റെ ബാക്കി കഥ ചിത്രം നോക്കി പറയുന്നു.<br>ഐസിടി സാധ്യത ഉറപ്പാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുക.<br>കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം | സംയുക്ത ഡയറി<br>സി.പി.ടി.എ യോഗം ജൂലൈ ആദ്യവാരം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ .<br>മുൻ വഷത്തെ സംയുക്ത ഡയറി പരിചയപ്പെടുത്തൽ , ഭാഷാപരമായ മുന്നേറ്റം | ജൂലായ് - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് എസ്.ആർ.ജി | |

| | | | | |
|---|---|---|---|---|
| ചെറുവാക്യങ്ങൾ രേഖപ്പെടുത്തുന്നതിന് . സംയുക്ത ഡയറിയിൽ നിന്നും തനിച്ച് എഴുത്തിലേക്ക് വഴിയൊരുക്കുക. | മനസ്സിലാക്കൽ ) പിന്തുണാന്തരീക്ഷം കുറഞ്ഞ കുട്ടികൾക്ക് ആഴ്ചയിൽ ഒരു ഡയറി ഉറപ്പാക്കൽ. ഡയറി പ്രകാശനം. | | | |
| കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് . സ്വതന്ത്ര രചനയ്ക്ക് അവസരം നൽകുന്നതിന് . അനുയോജ്യമായ ചിത്രം വരച്ച ആകർഷകമാക്കുന്നതിന് . | രചനോത്സവം<br>സി.പി.ടി.എ യിൽ രചനോത്സവ ഘട്ടങ്ങൾ വിശദമാക്കുക. ആഴ്ചയിലൊരു ചിത്രം ലഭ്യമാക്കൽ. കഥ – പ്രസിദ്ധീകരിക്കൽ കഥയെ - ചിത്രകഥയാക്കൽ (ലഘുവാക്യങ്ങൾ ചിത്രത്തിനു താഴെ എഴുതൽ.) വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കൽ. കൈയെഴുത്ത് മാസിക തയ്യാറാക്കൽ. | സ്പെത ംബർ - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് എസ്.ആർ.ജി | |

| | | | | |
|---|---|---|---|---|
| ഭാവം ഉൾക്കൊണ്ട് ശബ്ദ വിദ്യാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്ന കഴിവ് നേടുന്നു. വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളുടും താൽപര്യം വളർത്തുന്നതിന്. | റീഡേഴ്സ് തിയേറ്റർ<br>കഥാപാത്രം ,സംഭവം ,സംഭാഷണം എന്നിവ കൂടുതലുള്ള പാഠഭാഗങ്ങൾ സന്ദർഭങ്ങൾ തിരഞ്ഞെടുക്കൽ.<br>അവതാരകൻ - തീരുമാനിക്കൽ<br>റിഹേഴ്സൽ- ചെയ്യൽ<br>വേദിയിൽ / ക്ലാസ്സിൽ അവതരണം | സ്പെത ംബർ - മാർച്ച് | ക്ലാസ് ടീച്ചർ | |
| സ്വന്തമായി ബാലസാഹിത്യകൃതികൾ വായിച്ച ആശയം പങ്കിടുന്നു. | കഥോത്സവം<br>വായന അനുഭവം ക്ലാസിൽ പങ്കിടൽ വായനയുടെ വീഡിയോ ക്ലാസ്സ് ഗ്രൂപ്പിൽ പങ്കിടൽ .<br>ഇഷ്ട കഥാപാത്രത്തെ ചിത്രീകരിക്കൽ.<br>സിപിടിഎയിൽ അവതരണം<br>കഥാപാത്രത്തെ ഇഷ്ടപ്പെടാനുള്ള കാരണം പറയൽ. | ഡിസംബർ- മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | |

| | | | | |
|---|---|---|---|---|
| | | | | |
| വായന പോഷണത്തിന് | വായനാക്കാർഡ് നിർമ്മാണം ചെറിയ പദക്കാർഡ്( ചിത്രസഹിതം പിന്തുണ ആവശ്യമുള്ളവർക്ക്) ചെറുവിവരണം കേട്ട് തനിയെഴുതൽ തനിയെ വായിക്കുന്നു .അവ ക്ലാസിൽ പങ്കെടുക്കുന്നു. | ജൂൺ മെയ് | ക്ലാസ് ടീച്ചർ | |

# ഗണിതം ( I & II )

| പ്രവത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| സംഖ്യകൾ തിരിച്ചറിയുന്നു , പറയുന്നു .<br>സംഖ്യാ കാർഡ് നിർമ്മിക്കാം.<br>1 ,2, ,3, 4....<br>1, 3, 5 ,7.......<br>10, 20, 30.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ .<br>ഒന്നു മുതൽ 30 വരെയുള്ള സംഖ്യകളെ വ്യാഖ്യാനം എഴുതൽ<br>ഒരു സംഖ്യയോട് ഒന്നുകൂടിയും ഒരു സംഖ്യ കുറക്കുമ്പോൾ മുന്നിലുള്ളത് സംഖ്യയും കിട്ടുന്നു.<br>ഒന്നു മുതൽ 100 വരെയുള്ള സംഖ്യകൾ എഴുതുന്നു.<br>വലുത് ചെറുത് എന്നിവ ഒരുകൂട്ടംസംഖ്യയിൽ നിന്ന് കണ്ടെത്തൽ. | ജൂൺ | ക്ലാസ് ടീച്ചർ | |
| ജൂലൈ ഗണിത പഠനത്തിന് സഹായകമാകുന്ന തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത | | | |

| | | | |
|---|---|---|---|
| കിറ്റ് തയ്യാറാക്കുന്നു.<br>സംഖ്യാ കാർഡ് തയ്യാറാക്കൽ.<br>പത്തിന്റെയും ഒന്നിനെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യ രൂപീകരിക്കുന്നു .<br>ഗണിതരൂപങ്ങൾ കൊണ്ട് മാഗസിൻ തയ്യാറാക്കൽ.<br>ഒറ്റസംഖ്യ ,ഇരട്ടസംഖ്യയെ തിരിച്ചറിയാൻ .<br>സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു . | ജൂലായ്. | ക്ലാസ് ടീച്ചർ | |
| ഓഗസ്റ്റ് ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു കൂടുതൽ കുറവ് തിരിച്ചറിയുന്ന ഗണിതത്തിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br><br>99 നോട് ഒന്നു കൂട്ടിയാൽ 100- ഒന്നുകൾ ചേർന്നാൽ 100 സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു .<br>ഓരോ സംഖ്യയുമായും പ്രായോഗിക ഗണിതശയ തലങ്ങളിൽ ഉൾപ്പെടുത്തികൊണ്ടുള്ള കൂടുതൽ പ്രവർത്തനങ്ങൾ. സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കൽ | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ | |

| | | | |
|---|---|---|---|
| സെക്കൻഡ് സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ. ഒരക്കസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ. ഒരക്കസംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ. ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യകിട്ടുമെന്ന് തിരിച്ചറിവ് . സംഖ്യാ ഗാനങ്ങൾ ആലപിക്കൽ. ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കാൻ വില വിവരപ്പട്ടിക തയ്യാറാക്കൽ. ക്ലാസിൽ ഒരു കട . | സെപ്തംബർ | | |
| ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ . ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ , ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് . വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ. ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ. രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. മലയാള മാസങ്ങൾ ,ഇംഗ്ലീഷ് മാസങ്ങൾ പരിചയപ്പെടൽ. സംഖ്യാ പാറ്റേണുകൾ രൂപീകരിക്കുന്നു, ഉൾപ്പെട്ടവ നിർധാരണം ചെയ്യുന്നു. | ഒക്ടോബർ | | |
| സംഖ്യാ ഗാനങ്ങൾ പാടുന്നു ,ശേഖരിക്കുന്നു. ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള | | | |

| | | | |
|---|---|---|---|
| സങ്കലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. സ്ഥാനവില ഒന്ന്, പത്ത് തിരിച്ചറിയൽ,അബാക്കസ് നിർമ്മാണം, പ്രായോഗിക പ്രശ്നത്തിന് കളി നോട്ടുകൾ തയ്യാറാക്കുന്നു നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ,സംഖ്യ രൂപീകരിക്കൽ. | നവംബർ | ക്ലാസ് ടീച്ചർ | |
| സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ. ഗണിത ആൽബം തയ്യാറാക്കുക.<br>സംഖ്യ വ്യാഖ്യാനം ഉറപ്പാക്കൽ സ്ഥാനവില പോക്കറ്റ് നിർമ്മാണം, രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനുള്ള വ്യത്യസ്ത രീതികൾ കണ്ടെത്തൽ. | ഡിസംബർ | ക്ലാസ് ടീച്ചർ | |
| ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു .<br>സങ്കലനം , വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു .<br>ഒന്നു മുതൽ പത്തുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.<br>വിലവിവരപ്പട്ടിക തയ്യാറാക്കൽ . വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, വിവരങ്ങൾ അപഗ്രഥിക്കൽ തുക കണ്ടെത്തൽ.<br>കൂടുതൽ പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ. | ജനുവരി | ക്ലാസ് ടീച്ചർ | |

| | | | |
|---|---|---|---|
| ഗണിത ആൽബം പ്രദർശിപ്പിക്കുന്നു .<br>വിലവിവരപ്പട്ടിക പ്രശ്നങ്ങളുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>ഗണിതം ഉല്ലാസകരമാക്കാൻ ഇടവേളകളിൽ ഗണിതലാപനം ,ഗണിത പ്രശ്നങ്ങൾ ഉറപ്പാക്കി വിജയം കൈവരിക്കൽ. | ഫെബ്രുവരി | ക്ലാസ് ടീച്ചർ | |
| ഗണിതശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു .<br>ലളിതമായ ഗണിത ക്രിയകളെ ഏർപ്പെടുന്നു .<br>ഉല്ലാസ പ്രവർത്തനങ്ങൾ .<br>സംഖ്യകളുടെ പകുതി ,തുല്യം എന്നിവ തിരിച്ചറിയുന്നു.<br>കലണ്ടർ പാറ്റേൺ കണ്ടെത്തൽ, കലണ്ടറിലെ ചുവന്ന അക്കങ്ങൾ കറുത്ത അക്കങ്ങൾതിരിച്ചറിയൽ ,മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ,കലണ്ടർ പ്രത്യേകതകൾ കണ്ടെത്തി പറയൽ | മാർച്ച് | ക്ലാസ് ടീച്ചർ | |

# ENGLISH (I & II)

| Aim | Activities | Time | Responsibilities |
|---|---|---|---|
| Developing reading ,listening skills. | Introduce simple words provides picture card .<br>sing action song Hello English activities conversation skit stories, Using ICT. | June | Class teacher |
| | Identify familiar words,<br>say familiar words, read familiar words ,write familiar words. | July | Class teacher |
| | Enjoy song and sings them with rhythmicry action .<br>Describe orally about pictures and object using adjectives.<br>Newspaper reading reading library book book review text book activity. | August & September | Class teacher |
| | Introduce simle picture description,<br>make word chain,sentence chain, make riddles. | October | Class teacher |
| | Describing words,textbook activities .<br>grawing sentences, | November | Class teacher |

| | | | |
|---|---|---|---|
| | picture readin<br>g,<br>self introduction,<br>book review ,<br>self introduction using school radio. | | |
| | Read and understanding symbol instructions in the classroom, encourage digital reading, newspaper reading, reading library books,reading breaking news | December | Class teacher |
| Listening & writing | Enjoy song and seek them with rhythmic action made picture album ,collect pictures of animals and the young ones, dd more line develop and right story right conversation prepare notice proclamation | January & February | \ Class teacher |
| Listening<br>Speaking<br>reading &<br>Writing | Speak english fluently .<br>Read and write simple sentences.<br>Picture reading and picture description.<br>Draw word web and write description about it.<br>Textbook and work book activities. | March | Class teacher |

# GUPS KOTTIKULAM

## അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 3 ,4

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | **കുഞ്ഞുമലയാളം** -ഭാഷ പരമായി പിന്നോക്കം നില്കുന്നവർക് പ്രത്യേക പരിശീലനം | ലക്ഷ്യം നേടുന്നതുവരെ | ക്ലാസ് ടീച്ചർ | NIL |
| വായന ശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>കഥോത്സവം<br>വായന കാർഡ് വായിക്കൽ | വർഷം മുഴവൻ | ഹെഡ് മാസ്റ്റർ ,ക്ലാസ് ടീച്ചർ, SRG,CPTA | PTA |
| എഴുത്തു പരിപോഷിപ്പിക്കൽ | രചനാ പരിചയം<br>പഴഞ്ചൊൽ പെരുമ<br>ഡയറി എഴുത്ത് | വർഷം മുഴവൻ | ക്ലാസ് ടീച്ചർ , CPTA | PTA |
| അറിവ് ഡോക്യൂമെന്ററിയിലൂടെ നേടൽ -ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | NIL |
| രുചിച്ചറിയാം -നമ്മുടെ പ്രാദേശിക വിഭവങ്ങൾ പരിചയപ്പെടൽ | **അപ്പാണ്യം** - ഭക്ഷ്യമേള പാചക കുറിപ്പ് അടങ്ങിയ പതിപ്പ് തയ്യാറാക്കൽ | പാഠത്തോട് അനുബന്ധിച്ച | ക്ലാസ് ടീച്ചർ , CPTA | NIL |
| **സർഗോത്സവം** -ഭാഷ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷിയുടെ അവതരണം | മാസത്തിൽ ഒരുപ്രാവശ്യം | ഹെഡ് മാസ്റ്റർ ,ക്ലാസ് ടീച്ചർ, SRG,CPTA | |

# <u>ENGLISH</u>

| **AIM** | **ACTIVITY** | **DURATION** | **CHARGE** | **FINANCE** |
|---|---|---|---|---|
| English assembly- to improve proficiency in English | Engage different simple activities | Once in a week | Class teacher,HM | nil |
| READING/ SPEAKING<br>to improve reading skills | Reading cards<br>reading corner<br>picture story telling<br>skit<br>drama<br>conversation | Through out the year | Class teacher | nil |
| WRITING<br>to improve writing skills | Simple sentence writing<br>Diary<br>picture description<br>growing sentences<br>simple story writing using picture cards | Through out the year | Class teacher | PTA |
| English magazine<br><br>to improve creative thinking | Simple rhymes<br>simple stories<br>riddles<br>drawing | | SRG<br>Headmaster<br>CPTA<br>class teacher | PTA |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം<br>രസകരമാക്കൽ | ഒറിഗാമി ,ടാൻഗ്രാം<br>വിവിധ തരാം കളികൾ<br>ഏണിയും  പാമ്പും<br>ഗണിതവിജയം<br>കച്ചവടക്കളി<br>ഗണിതലാബ് | വർഷം<br>മുഴവൻ | ക്ലാസ് ടീച്ചർ | NIL |
| ചതുഷ്ക്രിയകൾ<br>എളുപ്പമാക്കൽ | നിറയുന്ന കണക്കുപെട്ടി<br>ഗണിത ലാബ്<br>വിവിധ തരം കളികൾ | വർഷം<br>മുഴവൻ | ക്ലാസ് ടീച്ചർ | NIL |
| ഗണിത മേള | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന  ഉല്പന്നങ്ങളുടെ<br>പ്രദർശനം | വർഷാവസാ<br>നം | ഹെഡ്<br>മാസ്റ്റർ ,ക്ലാ<br>സ് ടീച്ചർ,<br>SRG,CPTA | PTA |

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം<br>അറിവ് നിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>HM<br>CLASS TEACHER | PTA |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG<br>HM<br>CLASS TEACHER | PTA |
| കേരളം- ഇന്ത്യ ഭൂപട വായന<br>സൂചിക പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമാണം | ആവശ്യാനുസരണം | CLASS TEACHER | NIL |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്<br>ചാർട്ട്<br>ആൽബം<br>പഠനോപകരണം<br>പരീക്ഷണം ഇവയുടെ പ്രദർശനം | വർഷാവസാനം | CLASS TEACHER<br>SRG | NIL |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ -ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശനം | ആവശ്യാനുസരണം | CLASS TEACHER | NIL |
| ബോധവൽക്കരണ ക്ലാസ് | ആരോഗ്യം ,ശുചിത്വം,നല്ല ആഹാര ശീലങ്ങൾ ,പ്രഥമ ശുശ്രൂഷ എന്നിവയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>HM<br>CLASS TEACHER | PTA |
| സുരക്ഷിത യാത്ര ട്രാഫിക് ബോധവൽക്കരണം | റോഡ് സുരക്ഷാ വീഡിയോ പ്രദർശനം<br>അഭിമുഖം<br>ലഘു നാടക അവതരണം | ആവശ്യാനുസരണം | SRG<br>HM<br>CLASS TEACHER | PTA |

<u>ജി യു പി സ്കൂൾ  കോട്ടിക്കുളം</u>

## അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബി

## ആമുഖം

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി നമ്മുടെ മാതൃരാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ അറബി ഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം പ്രാചീന സെമിറ്റിക് ഭാഷ കുടുംബത്തിൽ സജീവമായി നിലനിൽക്കുന്ന ഏക ഭാഷയാണ് അറബി സംബന്ധമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ് ആശാന്റെ വീണപൂവ് ശ്രീനാരായണഗുരുവിന്റെ ദൈവദശകം തകഴിയുടെ ചെമ്മീൻ ബെന്യാമിന്റെ ആടുജീവിതം തുടങ്ങിയവ അറബി ഭാഷയിലും നമുക്കിന്ന് ലഭ്യമാണ്
നമ്മുടെ വിദ്യാലയങ്ങളിൽ  മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷ അധ്യയനവും മുന്നോട്ടുപോകുന്നു എന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയെ  പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരു ഇനമാണ് ഭാഷാ പഠനം അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപ വിന്യാസത്തിൽ ഉണ്ടാവുന്ന

**മാറ്റങ്ങളാണ് അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത് അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബിഭാഷ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി | ടെസ്റ്റ് നടത്തി ഭാഷ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ ഫ്ലാഷ് | മൂന്നു മാസം | പുസ്തകങ്ങൾ കാർഡുകൾ |

| | | | |
|---|---|---|---|
| കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക രൂപപ്പെടുത്തുകയും ചെയ്യുക | കാടുകൾ നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ | | |

| | | | |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദം പരിചയപ്പെടൽ ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാകവിതാ പുസ്തകങ്ങളിൽ നിന്നോ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ കാർഡുകൾ സീഡികൾ |

| | | | |
|---|---|---|---|
| | പ്രോജക്ട് സ്ക്രീനിൽ കഥാകവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യം ഒരുക്കുന്നു ലഘു സംഭാഷണങ്ങൾ പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളിയായവർക്ക് സമ്മാനം നൽകുന്നു സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | | |
| | | | |

| | | | |
|---|---|---|---|
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക | ചിത്രങ്ങൾ ലഘു കവിതകൾ കഥകൾ സംഭാഷണം പദപ്രശ്നം കുറിപ്പുകൾ വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു . | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാ മത്സരം കയ്യെഴുത്തു മത്സരം എന്നിവ നടത്തിയ സമ്മാനം നൽകുന്നു പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ പുസ്തകങ്ങൾ |

UP ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി ശ്രവിച് കൃത്യമായ ഉച്ചാരണശുദ്ധിയോടെ പറയാൻ അവസരം നൽകുന്നു | പാഠഭാഗവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ കാര്യങ്ങൾ റെക്കോർഡ് ചെയ്ത കേൾപ്പിക്കുന്നു ഉച്ചാരണ ശുദ്ധിയോടെ വായനയ്ക്ക് അവസരം നൽകുന്നു | ജൂൺ - ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | പി ടി എ ഇംഗ്ലീഷ് ക്ലബ |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുക | ക്ലാസ്സിനെ ഗ്രുപ്പുകളാക്കി തിരിച്ചു പുതിയ വാക്കുകളും അതിന്റെ അർത്ഥങ്ങളും കണ്ടെത്തി ശേഖരിക്കാൻ പറയുന്നു.എല്ലാവരും ചേർന്ന് ക്ലാസ് ഡിക്ഷണറി ഉണ്ടാക്കുന്നു | വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷിനെ കലാപരമായി ആസ്വാദകരമാക്കൽ | കുട്ടികളുടെ കല സൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് തല മാഗസിൻ നിർമാണത്തിന് അവസരം നൽകുന്നു | വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | |

യു പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ് ക്രിയ ഉറപ്പാക്കൽ | ചതുഷ്ക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക സമയം കണ്ടത്തി പ്രത്യേക പരിശീലനം | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ | പി ടി എ ഗണിത ക്ലബ് |

| | | | | |
|---|---|---|---|---|
| | നൽകുന്നു | | | |
| ഗണിത ക്രിയകളിൽ പിന്നോക്കം നിൽക്കുന്നവരെ മുൻപന്തിയിൽ എത്തിക്കൽ | ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട കളികളിൽ ഏർപ്പെടാൻ അവസരം നൽകുന്നു ഗണിതപ്പാട്ട് | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ | പി ടി എ ഗണിത ക്ലബ് |
| ഗണിതപാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട ഉപകാരണ നിർമാണം | 5,6,7 ക്ലാസ്സിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണ നിർമാണം | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ | പി ടി എ ഗണിത ക്ലബ് |
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും കൈവരിക്കാൻ | 5,6,7 ക്ലാസ്സിലെ പഠനനേട്ടങ്ങളുമായി ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ | പി ടി എ ഗണിത ക്ലബ് |

HINDI MASTER PLAN - GUPS KOTTIKULAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.<br><br>ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന:<br>തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ നൽകും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം:<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്......<br><br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം.<br>ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 4)ഹിന്ദിയോടുള്ള താത്പര്യം വർദ്ധിപ്പിക്കാൻ | * ഹിന്ദി റേഡിയോ വാണി<br>*ഹിന്ദി അസംബ്ലി | മാസത്തിൽ ഒരു തവണ | | |

യൂപീ മലയാളം

| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 . പൂക്കാലം വരവായി | വായനാപരിപോഷണവും സാഹിത്യാസ്വാദനവും | ചങ്ങമ്പുഴ അനുസ്മരണ പ്രഭാഷണം<br><br>വായന ദിനാചരണം<br>പി.എൻ പണിക്കർ<br>പോസ്റ്റർ തയ്യാറാക്കൽ<br>വിദ്യാരംഗം കലാ സാഹിത്യ വേദി ഉദ്ഘാടനം<br>പത്ര ക്വിസ്<br>കഥക്കൂട്ടുകാർ<br>( ചിത്രമെഴുത്ത് )<br>ബഷീർ അനുസ്മരണം<br>ഉറൂബ് അനുസ്മരണം<br>സാഹിത്യ ക്വിസ്<br>അധ്യാപകരുടെ | ജൂൺ 19 - ജൂലൈ 21 |

| | | | |
|---|---|---|---|
| | | പുസ്തകപരിചയം<br>വിദ്യാർത്ഥികളുടെ<br>പുസ്തക പരിചയം<br>കേട്ടെഴുത്ത് മത്സരം<br>ശ്രവ്യവായനമത്സരം<br>സമ്മാനപ്പെരുന്നാൾ | |
| 2. | കഥാ<br>ഭിരു<br>ചി<br>വളർ<br>ത്തുക<br><br>വായ<br>ന<br>പ്രോ<br>ത്സാ<br>ഹി<br>പ്പി<br>ക്കുക | എല്ലാ പ്രവൃത്തി<br>ദിവസവും കുട്ടികൾ<br>ഒത്തുഅക്ഷരസല്ലാപം<br>( ദൈനംദിന കഥയരങ്ങ് )<br><br>ചേരുന്നു . മുൻകൂട്ടി<br>തയ്യാറായ രണ്ടോ<br>മൂന്നോ കുട്ടികൾ കഥകൾ<br>വായിച്ച്<br>അവതരിപ്പിക്കുന്നു | ജൂ<br>ലൈ<br>14 to<br>2026<br>ഫെ<br>ബ്രു<br>വരി<br>1<br>( ഉച്ച<br>യ്ക്ക്<br>1.20<br>മുത<br>ൽ 1 .<br>45<br>വരെ<br>) |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

# യൂ പീ - സാമൂഹ്യശാസ്ത്രം

| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| പ്രാദേശിക തൊഴിലുകൾ - പ്രോജക്ട് | സമൂഹത്തെ അറിയുക | സർവ്വേ , അഭിമുഖങ്ങൾ<br><br>സോവനീർ റഫറൻസ് തൊഴിലുപകരണ പ്രദർശനം തൊഴിലാളി സംഗമം | 2025 ജൂൺ - നവംബർ |
| ഭക്ഷ്യ മേള ( പ്രാദേശിക കാർഷിക വിഭവങ്ങൾ | ആരോഗ്യകരമായ ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് ശീലിക്കുക | . വിഭവ ശേഖരണം .രക്ഷിതാക്കളുടെ സഹായത്തോടെ പാചകം | 2025 ജൂൺ - സപ്തംബർ |

| | | | |
|---|---|---|---|
| ഉപയോഗിച്ച് ) | | .നാട്ടുപാചക വിദഗ്ധരുമായി അഭിമുഖം .പാചകക്കുറിപ്പ് തയ്യാറാക്കൽ .നാട്ടുകറികൾ - പലഹാരങ്ങൾ വിവരശേഖരണം | |
| യുദ്ധവിരുദ്ധഫോട്ടോ പ്രദർശനം | യുദ്ധവിരുദ്ധ മനോഭാവം വളർത്തുക | ഫോട്ടോ പ്രദർശനം | 2025 ആഗസ്ത് 9 ചെലവ് - 2000 |

| | | | |
|---|---|---|---|
| **കടൽക്കരയിലെ ജീവിതം** | **സമൂഹത്തെ അറിയുക** | ഫീൽഡ് ട്രിപ്പ് അഭിമുഖം യാത്രാവിവരണം | കാലയളവ് **2025 ഡിസംബർ** |
| **റെയിൽവേ സ്റ്റേഷൻ സന്ദർശനം** | **ഗതാഗത മാർഗങ്ങളെക്കുറിച്ച് പഠിക്കുക** | ഫീൽഡ് ട്രിപ്പ് യാത്രാനുഭവക്കുറിപ്പ് | 2025 ഒക്ടോബർ |
| **ബേങ്കിങ്ങ് അറിയാം** | ഒരു ഔദ്യോഗിക സ്ഥാപനത്തിൻ്റെ പ്രവർത്തനം പരിചയപ്പെടുക | ഫീൽഡ് ട്രിപ്പ് യാത്രാനുഭവക്കുറിപ്പ് ബാങ്കിൽ നടക്കുന്ന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തൽ | 2025 ജൂൺ - നവംബർ |